SUPPLYCO
ESSENTIAL REQUIREMENTS TO THE REACH OF EVERYONE

**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)
CIN – U52209KL1974SGC002615
"ഭരണഭാഷ – മാതൃഭാഷ"

P.B. No. : 2030
Maveli Bhavan
Maveli Road
Gandhi Nagar
Kochi - 682 020
GSTIN : 32AAACK6767FHZ5
CIN : U52209KL1974SGC002615

**അഡീഷണൽ ജനറൽ മാനേജർ(പി&എ)–യുടെ നടപടിക്രമം**

**(ഹാജർ : സൂരജ്. പി. ടി)**

വിഷയം :- സപ്ലൈകോ –ഭരണം–2022–ൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവനം കുറവ് ചെയ്തത്–ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തിക മാറ്റ നിയമനം–ഉത്തരവ് പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.

വായന :-
1. 22.02.2019–ലെ GO(MS)No.11/2019//FCSD നം. ഉത്തരവ്
2. 24.07.2019–ലെ GO(MS)No. 22/2019/FCSD നം. ഉത്തരവ്.
3. 11.02.2021–ലെ GO(P)No. 03/2021/FCSD നം. ഉത്തരവ്
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 17.09.2022–ലെ CCS/102/2022-B.1 നമ്പർ നടപടിക്രമം.
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 20.10.2022–ലെ CCS/102/2022-B.1 നമ്പർ നടപടിക്രമം.
6. പാലക്കാട് മേഖലാ മാനേജറുടെ 08.11.2022–ലെ B.13987/22 നമ്പർ കത്ത്.
7. 21.10.2022–ലെ ഡി10–2453/22 നമ്പർ നടപടിക്രമം.
8. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 09.12.2022–ലെ ഫയലിലെ ഉത്തരവ്.

---

ഡി.10-2453/22 തീയതി. 15.12.2022

---

സപ്ലൈക്കോയിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ താഴെപ്പറയുന്ന കാരണങ്ങളാൽ 10 ഒഴിവുകൾ നിലവിലുണ്ട്.

1. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള അന്യത്രസേവനം പ്രതിവർഷം 10% കുറവ് വരുത്തുന്നതിന്റെ ഭാഗമായി 2022–)0 ആണ്ടിൽ സിവിൽ സപ്ലൈസ് വകുപ്പിലേയ്ക്ക് തിരിച്ച് വിളിക്കേണ്ട സപ്ലൈക്കോയിലുള്ള ക്ലർക്കുമാരുടെ റിവേർഷൻ വായന (4), വായന (5) പ്രകാരം പൂർത്തിയായിട്ടുണ്ട്. തൻമൂലം മൂന്ന് ജൂനിയർ അസിസ്റ്റന്റ് ഒഴിവുകൾ സപ്ലൈക്കോയിൽ നിലവിൽ വന്നിട്ടുണ്ട് (3).
2. പാലക്കാട് ഡിപ്പോയുടെ കീഴിലുള്ള എലവഞ്ചേരി മാവേലി സ്റ്റോർ ഓഫീസർ ഇൻ ചാർജ്ജ് ആയിരുന്ന വിനുരാജ്. പി. ആർ (CSCC02096), ജൂനിയർ അസിസ്റ്റന്റ് 08.11.2022–ന് മരണപ്പെട്ടതായി പാലക്കാട് മേഖലാ മാനേജർ വായന (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൻമൂലം ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്(1).
3. 24.11.2022 തീയതിയിലെ ഡി.10–7428/20 നമ്പർ നടപടിക്രമം പ്രകാരം 6 ജൂനിയർ അസിസ്റ്റന്റുമാർക്ക് SA-II തസ്തികയിലേയ്ക്ക് പ്രമോഷൻ അനുവദിച്ചുത്തരവായിരുന്നു. തൻമൂലം 6 ജൂനിയർ അസിസ്റ്റന്റ് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട് (6).



Telephone : Office : 0484 2206775, 2206795. Fax : 0484-2206799
E-mail : info@supplycomail.com, Website : www.supplycokerala.com

മേൽ സാഹചര്യത്തിൽ ജൂനിയർ അസിസ്റ്റന്റ് നിയമനത്തിന് യോഗ്യരായ ഏറ്റവും സീനിയറായ താഴെപ്പറയുന്ന 10 അസിസ്റ്റന്റ് സെയിൽസ്മാൻ –മാർക്ക് 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43000 എന്ന സ്കെയിലിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം (By transfer) അനുവദിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ഡിപ്പോ | അനുവദിക്കുന്ന മേഖല |
|---|---|---|---|---|
| 1 | 312 | ആൽഫ്രഡ്. പി. പി<br>CSCC 02708 | വൈക്കം | കോട്ടയം |
| 2 | 313 | ബൈജു. സി. കെ<br>CSCC 02696 | കൊടുവള്ളി | കോഴിക്കോട് |
| 3 | 314 | ജോയൽ മൈക്കൽ<br>CSCC 02737 | ആലപ്പുഴ | എറണാകുളം |
| 4 | 315 | ശ്രീദേവി. എസ്<br>CSCC 02742 | പറക്കോട് | കോട്ടയം |
| 5 | 316 | മഞ്ജു.പി<br>CSCC 02728 | പറക്കോട് | കോട്ടയം |
| 6 | 317 | സാജമ്മ. പി. ആർ<br>CSCC 02809 | നോർത്ത് പറവൂർ | എറണാകുളം |
| 7 | 318 | ബിന്ദു. പി. റ്റി<br>CSCC 03116 | എറണാകുളം | എറണാകുളം |
| 8 | 319 | ഷീന. കെ. എം<br>CSCC 03097 | എറണാകുളം | എറണാകുളം |
| 9 | 320 | ഷീല. കെ. കെ<br>CSCC 02778 | മൂവാറ്റുപുഴ | എറണാകുളം |
| 10 | 321 | അനിത. എം. എം<br>CSCC 02811 | മൂവാറ്റുപുഴ | എറണാകുളം |

മേൽപ്പറഞ്ഞ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ 01 വർഷം നിരീക്ഷണകാലമായിരിക്കും (പ്രൊബേഷൻ). മേൽപ്പറഞ്ഞ ജീവനക്കാരുടെ നിരീക്ഷണകാലം MoP പരീക്ഷ പാസായ ശേഷമോ അല്ലെങ്കിൽ 50 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കോ മാത്രമേ പൂർത്തിയായതായി പ്രഖ്യാപിക്കുകയുള്ളൂ.

മേൽ ജീവനക്കാർ വേലവിലക്കിലോ ശൂന്യവേതനാവധിയിലോ അല്ലായെന്ന് ഉറപ്പ് വരുത്തിയതിന്ശേഷം മാത്രമേ മേഖലാ മാനേജർമാർ ഈ ഉത്തരവ് നടപ്പിൽ വരുത്താൻ പാടുള്ളൂ.

മേൽപ്പറഞ്ഞ ജീവനക്കാർ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന അന്ന് മുതൽക്കെ തസ്തികമാറ്റം സംബന്ധിച്ച ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. അപ്രകാരം മാത്രമേ മേഖലാ മാനേജർമാർ/ഡിപ്പോ മാനേജർമാർ ഇവരുടെ വേതനം നിർണ്ണയിക്കാൻ പാടുള്ളൂ.

ഈ നിയമനം മൂലം പ്രസ്തുത ജീവനക്കാരുടെ പേരിലുള്ള ഏതെങ്കിലും ബാദ്ധ്യത/ അച്ചടക്ക നടപടികൾ എന്നിവയിൽ നിന്നും അവർ ഒഴിവാക്കപ്പെടുന്നില്ല.

മേൽ ജീവനക്കാരെ NFSA ഡിപ്പോകളിൽ നിയമിക്കുന്നത് ആവശ്യമെങ്കിൽ മേഖലാ മാനേജർമാർക്ക് പരിഗണിക്കാവുന്നതാണ്.

മേൽ ജീവനക്കാർ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
അഡീഷണൽ ജനറൽ മാനേജർ (പി&എ)

സ്വീകർത്താവ്

വ്യക്തികൾക്ക് (മേലധികാരി മുഖാന്തിരം)

പകർപ്പ്:-

1. എല്ലാ ഡിവിഷൻ മേധാവികൾക്കും
2. എല്ലാ മേഖലാ മാനേജർമാർക്കും
3. എല്ലാ ഡിപ്പോ മാനേജർമാർക്കും
4. പി.എ ടു സി എം ഡി/ജി എം/വി ഒ
5. വെബ്സൈറ്റ്
6. ഫയൽ/കരുതൽ

//അംഗീകാരത്തോടെ //

ജൂനിയർ മാനേജർ (ഭരണം)

T.S. (CA 14.12.2022